# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2320 08.07.2015 - ൽ മറുപടിക്ക്

## ഇ-അബാക്കസ് കേന്ദ്രീകൃത ബില്ലിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ടി.എൻ.പ്രതാപൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജല അതോറിറ്റിയിൽ ഇ-അബാക്കസ് കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കി വരുന്നുണ്ടോ; | (എ) | ജല അതോറിറ്റിയിൽ ഇ-അബാക്കസ് നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത ബില്ലിംഗ് സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 1. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ കൃത്യതയോടെ സമയബന്ധിതമായി ലഭ്യമാക്കുക, ഇതുവഴി ജലഅതോറിറ്റിയെ ഉപഭോക്തൃ സൗഹൃദസ്ഥാപനമാക്കി ഉയർത്തുക.<br>2. ജല അതോറിറ്റിയുടെ ഏകവരുമാനമാർഗ്ഗമായ വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഈ പദ്ധതി വഴി സാധിക്കുന്നതുമൂലം സ്ഥാപനത്തിന് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തമാക്കുക.<br>3. വിവരങ്ങൾ തത്സമയം ലഭ്യമാക്കുക വഴി സ്ഥാപന ശാക്തീകരണം സുഗമമാക്കുക എന്നിവയാണ് കൈവരിക്കുവാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. |
| (സി) | ഉപഭോക്താക്കൾക്ക് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (സി) | 1. ജലഅതോറിറ്റിയുടെ ഡിവിഷന്റെ കീഴിൽ വരുന്ന ഏത് കൗണ്ടറിലും, ജനസേവന കേന്ദ്രം അക്ഷയകേന്ദ്രങ്ങൾ മുഖേനയും, പോസ്റ്റ് ഓഫീസ് മുഖാന്തിരവും, ഓൺലൈൻ വഴിയും, കൂടാതെ ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും നേരിട്ടു കുറവ് ചെയ്യുന്ന ECS സമ്പ്രദായം എന്നിവയിലൂടെ വെള്ളക്കരം ഒടുക്കുന്നതിനുള്ള സൗകര്യം.<br>2. വെബ് സൈറ്റിലൂടെ ഉപഭോക്താവിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത്, ഉപഭോക്താക്കളുമായി ബന്ധപ്പെട്ട മറ്റു സേവനങ്ങളായ ഉടമസ്ഥ കൈമാറ്റം, മീറ്റർ മാറ്റിവയ്ക്കൽ, ഡിസ്കണക്ഷനും റീ-കണക്ഷനും, വിഭാഗ മാറ്റം, ആൾട്ടറേഷൻ, പുതിയ കണക്ഷനു |

മായി ബന്ധപ്പെട്ട കാര്യങ്ങൾ മുതലായവ പ്രസ്തുത സംവിധാനം വഴി നടപ്പിലാക്കി നൽകുന്നു.

(ഡി) പ്രസ്തുത ബില്ലിംഗ് സംവിധാനത്തിനായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ?

(ഡി)

1. ജലഅതോറിറ്റിയുടെ എല്ലാ റവന്യൂ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. എല്ലാ ഓഫീസുകളേയും ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തി വരുന്നു. ഇപ്പോൾ 66 സെക്ഷൻ ഓഫീസുകളിലും 47 സബ് ഡിവിഷനുകളിലും ഈ സൗകര്യം നിലവിൽ ഉണ്ട്.

3. ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നു.

4. ഓഫീസുകൾക്കുള്ള ദൈനംദിന സഹായങ്ങളും നിർദ്ദേശങ്ങളും കേന്ദ്രീകൃതമായി ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ യൂണിറ്റിൽ നിന്നും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ